**FROM THE APOSTOLIC SEE OF MALANKARA**
**METROPOLITAN DR. JOSEPH MAR THOMA**

**Circular No.257**

***Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.***

Beloved in Christ,

We have set apart 12th of June 2016 as the Environment Sunday. The church is an exodus community in a pilgrimage of faith. By making a journey we are uprooting ourselves from the familiar orders of life towards a faith seeking understanding. But the journey begins with a realization that we stand on holy ground. As Moses approached the strange burning bush to explore it closely, he heard God asking him to remove the sandals from his feet for the place where he stood was 'holy ground' (Exodus 3:5). There is no space for violence, exploitation or domination when we are standing on a holy terrain barefoot. Barefoot walking requires careful walk and the whole creation is sacred.

In the beginning when God created the earth God saw that it was good. But the world as a global village has changed and is changing. We have distorted the face of the earth. We experience plagues as the new Pharaohs have hardened their hearts. Fresh new initiatives are needed to control the global warming. Unless the nations hold their hands together, there won't be another Noah's Ark to help protect the creation.

Monsoon is a boon to eco-system. But flash floods are nature's warning signs for impending drought. We panic only when our wells get dry. Rain water harvesting must become a moral initiative. The holy ground and holy rivers need protection for sustaining bio-diversity in its fullness.

'Eco-Pilgrimage through Church' is the ecological theme proposed by the Ecological Commission of the Mar Thoma Church for this year. We must engage in discussions, continued studies, and action plans at the parish and regional levels. Ecological Commission convened Ecological Conferences at different regions in the previous years. It conducted Dr. Juhanon Mar Thoma Eco-Quiz for Higher Secondary School students during the past four years. 'Haritha Parish Award' is presented each year beginning from 2014.

Pilgrimage gives us new and privileged experience of the divine and we return to ordinary life in a completely new way. Are we 'pilgrims or tourists,' as the Asian theologian Kosuke Koyama would ask? Eco-Pilgrimage engages us in a journey into a sacred geography, anticipating a sacred encounter with God and an inner transformation calling the faith community to cherish, protect and nurture God's creation.

Grace be with you all.

Dated 10th May 2016 from Poolatheen, Tiruvalla

**Dr. Joseph Mar Thoma Metropolitan**

# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ 257

***നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളികൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.***

കർത്താവിൽ വാത്സല്യമുള്ളവരെ,

2016 ജൂൺ മാസം 12–ാം തീയതി പരിസ്ഥിതി ഞായറാഴ്ചയായി നാം വേർതിരിച്ചിരിക്കുന്നു. സഭ വിശ്വാസ തീർത്ഥാടകരുടെ ഒരു പുറപ്പാട് സമൂഹമാണ്. ചിരപരിചിതമായ ജീവിത ക്രമങ്ങളിൽ നിന്നു വേർപെടുത്തി വിശ്വാസം സുഗ്രഹമാക്കാനുള്ള അന്വേഷണത്തിലേക്കാണു ഒരു യാത്ര നമ്മെ നയിക്കുന്നത്. പക്ഷെ നാം നിൽക്കുന്നത് വിശുദ്ധഭൂമിയിലാണെന്നുള്ള തിരിച്ചറിവിലൂടെയാണു ഈ യാത്ര തുടങ്ങുന്നതു. അപൂർവ്വതയുള്ള കത്തുന്ന മുൾപടർപ്പ് സൂക്ഷ്മമായി നിരീക്ഷിക്കുവാൻ അടുത്തു ചെല്ലുമ്പോഴാണ് താൻ നിൽക്കുന്ന സ്ഥലം 'വിശുദ്ധഭൂമി'യാകയാൽ കാലിൽ നിന്നു ചെരുപ്പ് അഴിച്ചുകളയേണമെന്നു ആവശ്യപ്പെടുന്ന ദൈവശബ്ദം മോശ കേട്ടത്. (പുറപ്പാട് 3:5). വിശുദ്ധ സ്ഥലത്ത് നഗ്നപാദരായി നാം നിൽക്കുമ്പോൾ അതിക്രമത്തിനോ ചൂഷണത്തിനോ മേധാവിത്വത്തിനോ അവിടെ ഒരിടവുമില്ല. മുഴുവൻ സൃഷ്ടിയും വിശുദ്ധമാകയാൽ നഗ്നപാദ യാത്ര ആവശ്യപ്പെടുന്നതു ശ്രദ്ധയോടെയുള്ള നടത്തയാണു.

ആദിയിൽ ദൈവം ഭൂമിയെ സൃഷ്ടിച്ചപ്പോൾ അതു എത്രയും നല്ലതെന്നു ദൈവം കണ്ടു. എന്നാൽ ആഗോള ഗ്രാമം എന്ന തരത്തിൽ പ്രപഞ്ചം മാറുകയും മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. നാം ഭൂമിയുടെ മുഖത്തെ വികൃതമാക്കിയിരിക്കുന്നു. പുതിയ ഫറവോന്മാർ തങ്ങളുടെ ഹൃദയം കഠിനമാക്കുകയാൽ നാം ബാധകൾ നേരിടുന്നു. ആഗോളതാപനം തടയാൻ പുതുപുത്തൻ സംരംഭങ്ങൾ വേണ്ടിയിരിക്കുന്നു. രാജ്യങ്ങൾ കൈകോർത്തു പിടിച്ചില്ലെങ്കിൽ സൃഷ്ടിയെ സംരക്ഷിക്കാൻ മറ്റൊരു നോഹയുടെ പെട്ടകം ഉണ്ടായെന്നു വരില്ല.

പരിസ്ഥിതിക്കു ഒരു വരദാനമാണ് മൺസൂൺ. എന്നാൽ വരാനിരിക്കുന്ന വറുതിയെപറ്റിയുള്ള പ്രകൃതിയുടെ മുന്നറിയിപ്പായി വേണം പ്രളയക്കെടുതിയെ കാണേണ്ടത്. നമ്മുടെ കിണറുകൾ വറ്റിവരളുമ്പോൾ മാത്രമാണ് നാം പരിഭ്രമിക്കുക. മഴവെള്ള സംഭരണം ഒരു ധാർമിക മുന്നേറ്റമായിത്തീരണം. ജൈവ വൈവിധ്യം പൂർണ്ണതോതിൽ സുസ്ഥിരമാക്കാൻ വിശുദ്ധ ഭൂമിയും വിശുദ്ധ നദികളും സംരക്ഷിക്കപ്പെടേണ്ടതുണ്ട്.

ഹരിത തീർത്ഥാടനം സഭയിലൂടെ (Eco-Pilgrimage through church) എന്നതാണ് സഭയുടെ പരിസ്ഥിതി കമ്മീഷൻ ഈ വർഷത്തെ ഇക്കോ ചിന്താവിഷയമായി നിർദ്ദേശിച്ചിരിക്കുന്നത്. ഈ വിഷയത്തെ സംബന്ധിച്ച് ചർച്ചകളും തുടർപഠനങ്ങളും കർമ്മ പദ്ധതികളും ഇടവകയിലും പ്രാദേശികതലങ്ങളിലും നടത്തണം. കഴിഞ്ഞ വർഷങ്ങളിൽ പരിസ്ഥിതി കമ്മീഷന്റെ മേൽനോട്ടത്തിൽ വിവിധ മേഖലകളിൽ പരിസ്ഥിതി സമ്മേളനങ്ങൾ നടന്നു. ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കായി ഡോ. യൂഹാനോൻ മാർത്തോമ്മാ ഇക്കോ ക്വിസ് നടത്തി വരുന്നു. ഹരിത പാരീഷ് അവാർഡ് 2014 മുതൽ നൽകുന്നു.

ഓരോ തീർത്ഥയാത്രയും നവ്യവും സവിശേഷവുമായ ദൈവാനുഭവം പകരുന്നു എന്നതോടൊപ്പം വേറിട്ട ഒരു പുതുവഴിയിലൂടെ സാധാരണ ജീവിതത്തിലേക്കു നാം മടങ്ങുകയും ചെയ്യുന്നു. ഏഷ്യൻ ദൈവശാസ്ത്രജ്ഞൻ കൊസുകെ കൊയാമ ചോദിക്കുന്നത് പ്രകാരം നാം 'തീർത്ഥാടകരോ സഞ്ചാരികളോ?'. പവിത്രമായ ഒരു ഭൂപ്രദേശത്തേക്കുള്ള യാത്രയിൽ നമ്മെ ബദ്ധശ്രദ്ധരാക്കുന്നതോടു ചേർന്ന് പരിപാവനമായ ദൈവാഭിമുഖീകരണവും ദൈവത്തിന്റെ സൃഷ്ടിയെ താലോലിക്കുകയും സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന ഒരു ആന്തരിക രൂപാന്തരവും പ്രതീക്ഷിക്കുന്നതാണ് ഈ ഹരിത തീർത്ഥാടനം.

കൃപ നിങ്ങളേവരോടും കൂടെ ഇരിക്കുമാറാകട്ടെ

എന്നു തിരുവല്ലാ പൂലാത്തീനിൽ നിന്നും 2016 മെയ് 10–ാം തീയതി

J mmalabar

ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ

# ഒരു പരിസ്ഥിതി സൗഹൃദ ശുശ്രൂഷ ക്രമം

## പരിസ്ഥിതി ഞായറാഴ്ച 12.6.2016-ൽ ഉപയോഗിക്കുന്നതിനുള്ള ക്രമം

### ആരാധനാഹ്വാനം

വരുവിൻ നാം ദൈവത്തിന്റെ മന്ദിരത്തിൽ ഒത്തുചേരുക. ഇവിടെ നാം ഒറ്റയ്ക്കല്ല. സർവ്വ ചരാചരങ്ങളും ദൈവത്തെ സ്തുതിക്കുന്നു. ദൈവം സൃഷ്ടിച്ച ലോകം എത്രയും നല്ലതു തന്നെ. ദൈവത്തെ ഒത്തൊരുമിച്ച് ആരാധിക്കാം.

***ഗീതം-*** 'പാഹിമാം ജഗദീശ്വരാ' (ക്രി.കീ.76)

### കൗമ്മാ

### പ്രാരംഭ പ്രാർത്ഥന

ഇഹത്തിലും പരത്തിലും ഞങ്ങളെ അനുഗ്രഹിക്കുന്ന ദൈവസവിധത്തിലേക്ക് തീർത്ഥയാത്ര ചെയ്വാൻ വഴികാട്ടേണമെ. ഈ വഴിയാത്രയിൽ വിശ്വാസ സമൂഹത്തോടു ചേർന്നു യാത്ര ചെയ്യുന്ന ദൈവസാന്നിധ്യം തിരിച്ചറിയുന്നതിനും ദൈവസൃഷ്ടിയിൽ വെളിപ്പെടുന്ന ദൈവമഹത്വം ദർശിക്കുന്നതിനും കൃപ തരേണമെ. ..........ആമേൻ

### സ്തുതി

സങ്കീ.148 (പരസ്യാരാധനക്രമം 12-14)

### അനുതാപ പ്രാർത്ഥന

**പ്രതിവാക്യം: ഞങ്ങളോടു ക്ഷമിക്കേണമെ.**

ആഗോളതാപനം, ഉയരുന്ന സമുദ്രനിരപ്പ്, ഉരുകുന്ന മഞ്ഞുമലകൾ, ഓസോൺ പാളിയുടെ നാശം, ഊർജ്ജസ്രോതസ്സുകളുടെ ദുരുപയോഗം, എന്നിങ്ങനെ വർദ്ധിച്ചുവരുന്ന പാരിസ്ഥിതിക പ്രശ്നങ്ങളുടെ മദ്ധ്യേ ഞങ്ങളുടെ പാപപ്രവർത്തികളേയും ചെയ്യേണ്ടതു ചെയ്യാതിരിക്കുന്നതിനേയും കുറിച്ചു ഞങ്ങൾ അനുതപിക്കുന്നു .................... **ഞങ്ങളോടു ക്ഷമിക്കേണമെ** ..............

ഞങ്ങളുടെ ഉപഭോഗതൃഷ്ണയേയും, ആർത്തിസംസ്ക്കാരത്തേയും, ചൂഷക മന:സ്ഥിതിയേയും, നിസ്സംഗതയേയും.................... **ഞങ്ങളോടു ക്ഷമിക്കേണമെ**....................

സൃഷ്ടിയുടെ കാര്യവിചാരകത്വം ഏല്പിച്ച് തോട്ടം കാപ്പാനും, വേല ചെയ്വാനും ദൈവം തന്ന നിയോഗത്തെ അവഗണിച്ചതും.................... **ഞങ്ങളോടു ക്ഷമിക്കേണമെ**....................

വരുംതലമുറകളുടേയും ഉപയോഗത്തിനായി ദൈവം ഒരുക്കിയ പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്ത് പരിസ്ഥിതിയെ കൊള്ളയടിക്കുന്ന തെറ്റിനെ.................... **ഞങ്ങളോടു ക്ഷമിക്കേണമെ**.............

ലളിത ജീവിതശൈലിക്കു പകരം ആർത്തിയും ധൂർത്തും പ്രകടമാക്കുന്ന വികല മനോഭാവത്തെ.. **ഞങ്ങളോടു ക്ഷമിക്കേണമെ**....................

സുസ്ഥിത വികസനത്തിനുപകരം വൻകിട പദ്ധതികൾക്കായി കുടി ഒഴിപ്പിക്കപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിൽ വരുത്തിയ വീഴ്ച്ചകളെ.................... **ഞങ്ങളോടു ക്ഷമിക്കേണമെ**.............

ജീവന്റെ ഉടയവനും ദാതാവുമായ ദൈവം നമ്മോടു ക്ഷമിക്കുകയും നമ്മെ വീണ്ടെടുത്ത് പുതുജീവനിലേക്ക് വഴിനടത്തുകയും ചെയ്യുന്നു.

## സ്തോത്ര പ്രാർത്ഥന

പ്രതിവാക്യം- **സൃഷ്ടാവായ ദൈവത്തെ ഞങ്ങൾ സ്തുതിക്കുന്നു**

ദൈവമഹത്വം വർണ്ണിക്കുന്ന പർവ്വതങ്ങൾ, കുന്നുകൾ, താഴ്‌വരകൾ, കാടുകൾ എന്നീ പ്രകൃതി വിസ്മയങ്ങൾക്കായി................... **സൃഷ്ടാവായ ദൈവത്തെ ഞങ്ങൾ സ്തുതിക്കുന്നു**...................

ജൈവ വൈവിധ്യം നിലനിർത്തുന്ന ഭൂമിക്കായും ആവാസവ്യവസ്ഥയിലെ വൃക്ഷലതാദികൾ, ജല ജീവികൾ, പക്ഷിമൃഗാദികൾ എന്നിവക്കായി................... **സൃഷ്ടാവായ ദൈവത്തെ ഞങ്ങൾ സ്തുതിക്കുന്നു**...................

ജീവന്റെ ഉല്പത്തി സ്ഥാനമായ നീർച്ചോലകൾ, നദികൾ, തടാകങ്ങൾ, സമുദ്രം, മഞ്ഞുപാളികൾ എന്നിവക്കായി................... **സൃഷ്ടാവായ ദൈവത്തെ ഞങ്ങൾ സ്തുതിക്കുന്നു** ...................

മഴയും മഞ്ഞും വെയിലും ഒരുക്കി ഋതുമാറ്റത്തിനു വഴി തുറക്കുന്ന ഊർജ്ജ സ്രോതസ്സായ സൂര്യൻ ഉൽപ്പെടുന്ന സൗരയൂഥത്തെയും നക്ഷത്രസമൂഹത്തെയും വിരിയിച്ച് ഒരുക്കിയതിനായി................... **സൃഷ്ടാവായ ദൈവത്തെ ഞങ്ങൾ സ്തുതിക്കുന്നു**...................

## അപേക്ഷ

സൃഷ്ടാവും പരിപാലകനും വീണ്ടെടുക്കുന്നവനുമായ ദൈവമേ, ഈറ്റുനോവോടെ കാത്തിരിക്കുന്ന പ്രകൃതിയുടെ രോദനങ്ങൾ ശ്രദ്ധിച്ച് പ്രതിവിധി കണ്ടെത്തുവാൻ തക്ക വിശ്വാസ സമർപ്പണവും കർമ്മ ബോധവും പ്രതിബദ്ധതയും ഞങ്ങൾക്കു നൽകേണമേ. അതിനാവശ്യമായ പരിജ്ഞാനവും വിവേകവും ആർദ്രതയും കൃപയും തരേണമെ.

## സമർപ്പണ പ്രാർത്ഥന

ദൈവം എത്രയും നല്ലതെന്നു കണ്ട സൃഷ്ടിയെ കരുതുകയും ഭൂമിയെ പരിപോഷിപ്പിക്കുകയും ജീവനെ സംരക്ഷിക്കുകയും ചെയ്യുമെന്ന് ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു. ..........ആമേൻ

മഴവില്ലും സൂര്യ ചന്ദ്രനും വിണ്ണിലെ പൊന്നിൻ താരകളും
ദൈവത്തിൻ കൃപകളെ വർണ്ണിക്കുമ്പോൾ
ഞാനും പാടും അത്യുച്ചത്തിൽ